## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3305 — 21.12.2012-ൽ മറുപടിക്ക്

### നഗരവികസനത്തിനായി നിക്ഷേപക സംഗമങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>,, വി.റ്റി. ബൽറാം<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, ലൂഡി ലൂയിസ് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് നഗരവികസനത്തിന് പണം കണ്ടെത്താൻ നിക്ഷേപക സംഗമത്തിൽ സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | എ) | ഉണ്ട്. സ്വകാര്യപങ്കാളിത്തത്തോടു കൂടി സംസ്ഥാനത്ത് നഗരവികസനത്തിന് നിക്ഷേപ സംഗമം കണ്ടെത്താനുദ്ദേശിക്കുന്നു. |
| ബി) | ഏതെല്ലാം പദ്ധതികളാണ് നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി) | ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് സ്കീമുകളാണ് ഈ സംഗമത്തിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്നത്. |
| സി) | നിക്ഷേപക സംഗമത്തിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; | സി) | ഇതിന്റെ ഭാഗമായി നഗരസഭകൾ സ്വകാര്യ പങ്കാളിത്തത്തോടുകൂടി പദ്ധതികൾ നടപ്പിലാക്കുന്നതിന് 27.11.2012ൽ തിരുവനന്തപുരത്ത് എല്ലാ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാരുടേയും യോഗം നടത്തുകയുണ്ടായി. |
| ഡി) | നിക്ഷേപക സംഗമത്തിലൂടെ തീരുമാനിക്കുന്ന പദ്ധതിനടത്തിപ്പിനായി ആരുടെയൊക്കെ സഹായങ്ങൾ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ? | ഡി) | നിക്ഷേപകസംഗമത്തിനു ശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ